പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3858 18-10-2011-ൽ മറുപടിക്ക്

## ചാലക്കുടി റീജിയണൽ സയൻസ് സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| ചാലക്കുടി പി.എം.ജി. കോളേജിന്റെ കൈവശമുള്ള ഭൂമിയിൽ ചാലക്കുടി റീജിയണൽ സയൻസ് സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി കൈമാറ്റ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ചാലക്കുടി സയൻസ് സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പി.എം.ജി.കോളേജിന്റെ കൈവശമുള്ള ഭൂമി ഏറ്റെടുത്ത് നൽകുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടറോട് അപേക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ച്, മെഹസ്സർ, ബി.റ്റി.ആർ. പകർപ്പ് എന്നിവ തയ്യാറാക്കുന്നതിന് മുകുന്ദപുരം തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് കളക്ടർ അറിയിച്ചത് അനുസരിച്ച് ബന്ധപ്പെട്ട എല്ലാ രേഖകളും സഹിതം സ്ഥലം അതിർത്തി തിരിച്ച് കൈമാറണമെന്ന് മുകുന്ദപുരം തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്; സ്ഥലം കൈമാറിക്കിട്ടിയാൽ ഉടൻ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ഗവേണിംഗ് ബോഡി അംഗീകാരത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ